# പതിനാലാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി
## (2019-2021)

## ഇരുപതാമത് റിപ്പോർട്ട്

**[ട്രാൻസ്ജെൻഡറുകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്]**

(2021 ജനുവരി മാസം 20 -ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി

# (2019-2021)

## ഇരുപതാമത് റിപ്പോർട്ട്

[ട്രാൻസ്ജെന്റുകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്]

(2021 ജനുവരി മാസം 20-ാം തീയതി സമർപ്പിച്ചത്)

364/2021.

## റിപ്പോർട്ട്

പുരുഷന്റെയും സ്ത്രീയുടെയും ക്രമീകൃത ഘടനയ്ക്ക് പുറത്തുള്ളവരാണ് ട്രാൻസ്ജെന്റർ വ്യക്തിത്വങ്ങൾ. മനുഷ്യകുലത്തിൽ ആൺ-പെൺ എന്നീ വിഭാഗങ്ങളോടൊപ്പം അവയിൽപ്പെടാത്ത ചില വിഭാഗങ്ങളുമുണ്ട്. ആണിനും പെണ്ണിനുമുള്ളതാണ് ഈ ലോകം എന്ന വിശ്വാസത്തിനു മുന്നിൽ ആണോ പെണ്ണോ അല്ലാതെ പിറവിയെടുക്കുന്ന, അല്ലെങ്കിൽ വളർച്ചയുടെ ഘട്ടത്തിൽ മറ്റൊന്നായി മാറുന്ന ഇത്തരം വ്യക്തിത്വങ്ങൾ ട്രാൻസ്ജെന്റർ എന്നപേരിൽ അറിയപ്പെടുന്നു. കുടുംബത്തിന്റെ അധികാര വിധേയത്വ ഘടനാസംവിധാനങ്ങൾക്ക് അനുപേക്ഷണീയരായ ആൺ/പെൺ രൂപങ്ങളെ ഉൾക്കൊള്ളുന്നവർ അതിൽ നിന്നും വിഭിന്നരായവരെ പുറന്തള്ളാൻ ശ്രമിക്കുന്നു. പുറന്തള്ളലിനു മുന്നോടിയായി ഇവരെ ആണോ/പെണ്ണോ ആയി പരിവർത്തിപ്പിക്കാൻ സമൂഹം പരിശ്രമിക്കുന്നു. ഇതിലൂടെയുണ്ടാകുന്ന സമ്മർദ്ദങ്ങൾ സഹിക്കാൻ കഴിയാതെ ഇവരിൽ പലരും വീട് വിട്ടുപോകുന്നു. സമൂഹത്തിനും കുടുംബത്തിനും വേണ്ടാതെ പുറന്തള്ളപ്പെടുന്നവരും ചൂഷണങ്ങളാലും പീഡനങ്ങളാലും പൊറുതിമുട്ടി പലായനം ചെയ്യുന്നവരുമുണ്ട് ഇക്കൂട്ടത്തിൽ. പരിഷ്കൃതമെന്നും പുരോഗമനപരമെന്നും നാം നമ്മുടെ സമൂഹത്തെ വിശേഷിപ്പിക്കുന്നുവെങ്കിലും ട്രാൻസ്ജെന്ററുകളോടുള്ള സമീപനത്തിൽ യഥാർത്ഥത്തിൽ അത് അപരിഷ്കൃതവും യാഥാസ്ഥിതികവുമായതിനാലാണ് അവർ നമ്മുടെ സമൂഹത്തിൽ പാർശ്വവല്ക്കരിക്കപ്പെടുന്നത്.

2. ഭൂരിപക്ഷ ലിംഗവിഭാഗങ്ങളെ പോലെതന്നെ മറ്റൊരു ലിംഗവിഭാഗമാണ് ട്രാൻസ്ജെന്ററുകളും. ട്രാൻസ്ജെന്റർ എന്ന വാക്കിന്റെ പ്രയോഗം 1960-കളിൽ ഇടങ്ങിയെങ്കിലും ലിംഗമാറ്റ ശസ്ത്രക്രിയ കൂടാതെ തന്നെ സ്വന്തം സ്വത്വത്തെ അംഗീകരിച്ചുകൊണ്ട് ജീവിക്കാനാഗ്രഹിക്കുന്നവരെ വിശേഷിപ്പിക്കുന്നതിനായി 1970-കളിലാണ് ഈ പദത്തിന് പ്രചാരം ലഭിച്ചത്.

3. ലോകത്താകമാനം ഏതാണ്ട് എഴുപത്തിനാലോളം ജെന്ററുകൾ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും സ്ത്രീയും പുരുഷനുമൊഴികെയുള്ള എല്ലാറ്റിനെയും ട്രാൻസ്ജെന്റർ എന്ന ഒറ്റപദം കൊണ്ടാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഭിന്നവർഗ്ഗ ലൈംഗികതയിൽനിന്നു വിഭിന്നമായ ലൈംഗിക താല്പര്യങ്ങൾ പുലർത്തുന്ന ലൈംഗിക ന്യൂനപക്ഷങ്ങളുണ്ട്. ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽസ്, ട്രാൻസ്ജെന്റർ ഇടങ്ങിയവരാണ് ലൈംഗിക ന്യൂനപക്ഷങ്ങളായി അറിയപ്പെടുന്നത്. ഇത്തരത്തിലുള്ളവരെ പൊതുവായി വിശേഷിപ്പിക്കുന്ന പദമാണ് എൽ. ജി. ബി. റ്റി. കമ്മ്യൂണിറ്റി. ഇതെല്ലാം പ്രത്യേക വിഭാഗങ്ങളാണ്. ഒരു ലിംഗ വിഭാഗത്തിൽ ജനിക്കുകയും അപരലിംഗവിഭാഗത്തിന്റെ താല്പര്യങ്ങളും ചേഷ്ടകളും പ്രകടിപ്പിക്കുകയും ചെയ്യുന്ന വ്യക്തിത്വങ്ങളാണ് ട്രാൻസ്ജെന്ററുകൾ. പുരുഷ രൂപത്തിനുള്ളിലെ സ്ത്രൈണത, സ്ത്രീരൂപത്തിനുള്ളിലെ

പൗരുഷം എന്നിവയുടെ പ്രകടനപരതകൾ ട്രാൻസ്ജെന്ററുകളെ പൊതുസമൂഹത്തിൽ അതിവേഗം ദൃശ്യരാക്കുന്നു. അമേരിക്കയിലെ റെഡ് ഇന്ത്യൻസിനിടയിൽ ബെർഡാഷസ്, ഫിലിപ്പീൻസിൽ ബക്ക്ലസ്, ഒമാനിൽ സതീതസ്, പാകിസ്ഥാനിൽ മുരത്ത്, സിനനയ്സ്, ഷെയ്സാൻ, തെക്കനേഷ്യയിൽ ജോഗപ്പാസ് , ജോഗ്താസ്, ഹിജറാസ് എന്നിങ്ങനെ അറിയപ്പെടുന്ന ട്രാൻസ്ജെന്ററുകൾ ഇന്ത്യൻ സമൂഹത്തിൽ നപുംസകം, ഹിജഡ, ശിഖണ്ഡി എന്നിങ്ങനെയുള്ള പേരുകളിൽ അറിയപ്പെടുന്നു.

4. മറ്റുള്ളവരിൽ നിന്നും വിഭിന്നമായതല്ല ട്രാൻസ്ജെന്ററുകളുടെ ശാരീരികാവയവങ്ങൾ. എന്നാൽ ഒരു ബഹുമുഖ വ്യക്തിത്വം അഥവാ ഉഭയലിംഗ വ്യക്തിത്വമാണ് മിക്കവരിലുമുള്ളത്. പുറമെയുള്ള രൂപത്തിന് കടകവിരുദ്ധമാണ് ഉള്ളിലെ വ്യക്തിത്വം. പുറമേ പുരുഷന്റെ രൂപവും ഉള്ളിൽ സമ്പൂർണ്ണ സ്ത്രീ വ്യക്തിത്വവുമുള്ള ഇത്തരക്കാർ വസ്ത്രധാരണം കൊണ്ടും മറ്റും സ്ത്രീയാകാനുള്ള ശ്രമം നടത്തുന്നു. അതുപോലെ തന്നെ സ്ത്രീ പുരുഷനാകാനുള്ള ശ്രമവും നടത്തുന്നു. പ്രകൃതിയാണ് ഈ രൂപവും സ്വഭാവവുമൊക്കെ അവർക്ക് നൽകിയിരിക്കുന്നത്. അതുകൊണ്ടുതന്നെ ഒരു പ്രപഞ്ച സൃഷ്ടിക്ക് നൽകുന്ന എല്ലാ സ്നേഹാദരങ്ങൾക്കും അവരും അർഹരാണ്. എന്നാൽ സമൂഹം നിലവിൽ ആ അർത്ഥത്തിലേയ്ക്ക് ഉയർന്നിട്ടില്ലാത്തതിനാൽ വിദ്യാസമ്പന്നർ പോലും വിചിത്ര ജീവികളെന്ന പോലെയാണ് അവരെ വീക്ഷിക്കുന്നത്.

5. ട്രാൻസ്ജെന്ററുകളിൽ പലരും അപരലിംഗവ്യക്തിത്വം സ്വീകരിക്കുവാനാഗ്രഹിച്ച് ചെയ്യുന്ന ശസ്ത്രക്രിയയാണ് ലിംഗമാറ്റ ശസ്ത്രക്രിയ [Sex Reassignment Surgery (SRS)]. അപരലിംഗ വിഭാഗത്തിലേയ്ക്ക് മാറുവാനുദ്ദേശിക്കുന്ന വ്യക്തിയെ കൗൺസലിങ്ങിന് വിധേയമാക്കിയതിനു ശേഷം ലഭിക്കുന്ന പോസിറ്റീവ് റിസൾട്ട് അനുസരിച്ചാണ് ഹോർമോൺ ചികിത്സ നടത്തുന്നത്. ഹോർമോൺ ചികിത്സയിലൂടെ സ്ത്രൈണതയുള്ള/ പൗരുഷമുള്ള ശരീരത്തെ ഇക്കൂട്ടർ നിർമ്മിച്ചെടുക്കുന്നു. ഇത്തരക്കാരാണ് ട്രാൻസ് സെക്ഷ്വൽസ് എന്ന് പൊതുവേ അറിയപ്പെടുന്നത്. ബാഹ്യരൂപത്തിലും മാനസിക നിലയിലും സ്ത്രൈണത കൈവരിക്കുമ്പോഴും ഗർഭപാത്രമില്ലാത്തതിനാൽ പ്രസവം ഉൾപ്പെടെയുള്ള ധർമ്മങ്ങൾ ഇവർക്ക് നിർവ്വഹിക്കുവാനാകില്ല. ദമ്പതികളായും കുട്ടികളെ ദത്തെടുത്ത് കുടുംബമായും ജീവിക്കുവാനുള്ള നിയമപരമായ സാദ്ധ്യതകൾ കേരളത്തിൽ ട്രാൻസ്ജെന്ററുകൾക്ക് ലഭ്യമല്ല. ആയതിനാൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്താത്തവരും ശസ്ത്രക്രിയ നടത്തിയിട്ടുണ്ടെങ്കിലും സ്ത്രീ/പുരുഷൻ എന്ന തിരിച്ചറിയൽ കാർഡ് ലഭിക്കാത്തവരും തങ്ങളുടെ പങ്കാളിയുമൊത്ത് 'ലിവിങ് ടുഗതർ' ബന്ധത്തിൽ ജീവിക്കേണ്ടി വരുന്നു. എന്നാൽ തമിഴ്നാട്ടിൽ ട്രാൻസ്ജെന്റർ ദമ്പതികൾക്ക് കുട്ടികളെ ദത്തെടുത്ത് വളർത്തുന്നതിന് നിയമപരമായി അനുവാദമുണ്ട്.

6. സ്വന്തം സ്വത്വം വെളിപ്പെടുത്തുന്നതോടെ വീട്ടിൽ നിന്നും ആദ്യം പുറത്താക്കപ്പെടുന്ന ഇവർ സമൂഹത്തിൽ നിന്നും അകറ്റപ്പെടുകയും നാടും വീടും ഉപേക്ഷിച്ച്

പലായനം ചെയ്യേണ്ടിവരുകയും ചെയ്യുന്നു. ബാംഗ്ലൂരിലും ഉത്തരേന്ത്യൻ നഗരങ്ങളിലും സമാന സ്വഭാവ സവിശേഷതയുള്ളവരോടൊപ്പം ചേർന്ന് ജീവിച്ചാണ് ഇവർ സ്വന്തം പ്രയാസങ്ങൾ ഒരു പരിധിവരെ അതിജീവിക്കുന്നത്. മുഖ്യധാരാ സമൂഹം ആട്ടിപ്പായിക്കുന്ന ട്രാൻസ്ജെന്ററുകൾക്ക് തൊഴിൽശാലകളിലോ മറ്റ് സ്ഥാപനങ്ങളിലോ ജോലി ലഭിക്കാറില്ല. അത്തരം സന്ദർഭങ്ങളിൽ ഉപജീവനത്തിനായി അവർ പ്രസ്തുത സമൂഹത്തിന്റെ പരമ്പരാഗത ധനസമ്പാദന രീതികളായ ബതായ് (അനുഗ്രഹം നൽകൽ), കൈതട്ടൽ (ഭിക്ഷ സ്വീകരിക്കുന്ന രീതി), ലൈംഗിക തൊഴിൽ തുടങ്ങിയവയ്ക്ക് നിർബന്ധിതരാകുന്നു.

7. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ലിംഗനീതിയും ലിംഗസമത്വവും നിഷേധിക്കപ്പെടുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെന്റർ വ്യക്തികൾ എല്ലാ അർത്ഥത്തിലും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമാണ്. നമുക്കിടയിൽ പുതുതായി വന്നുചേർന്നവരല്ല ട്രാൻസ്ജെന്ററുകൾ. മനുഷ്യനുണ്ടായ കാലം മുതൽ ട്രാൻസ്ജെന്ററുകൾ ഉണ്ട്. സ്ത്രീ സ്ത്രീയായിരിക്കുന്നതുപോലെ, പുരുഷൻ പുരുഷനായിരിക്കുന്നതുപോലെ, വളരെ സ്വാഭാവികമാണ് ട്രാൻസ്ജെന്ററുകൾ ട്രാൻസ്ജെന്ററുകളായിരിക്കുന്നത്. നമ്മൾ കണ്ണടച്ച് അവരെ ഇരുട്ടിൽ നിർത്തുകയായിരുന്നു. ഇപ്പോഴും സ്ഥിതി വിഭിന്നമല്ല.

8. ട്രാൻസ്ജെന്ററുകളുടെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി ഈ അടുത്ത കാലത്ത് മാത്രമാണ് ഇന്ത്യയിൽ നിയമപരമായ വ്യവസ്ഥകൾ വന്നിട്ടുള്ളത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ട്രാൻസ്ജെന്ററുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. 2015-ൽ ട്രാൻസ്ജെന്റർ നയം പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. ട്രാൻസ്ജെന്ററുകൾ നേരിടുന്ന വിവേചനവും പീഡനവും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ നിന്നുള്ള അകറ്റിനിർത്തലും ഇല്ലാതാക്കി അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ട്രാൻസ്ജെന്റർ നയം രൂപീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസന ഇടപെടലുകളിൽ ട്രാൻസ്ജെന്റർ പങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള ഒരു നയമാണിത്. കൂടാതെ 2014-ലെ ബഹു. സുപ്രീംകോടതി വിധിക്ക് അനുസൃതമായി ഒരു വ്യക്തിയെ ട്രാൻസ്ജെന്ററായി സ്വയം തിരിച്ചറിയാൻ പ്രസ്തുത നയം അനുവദിക്കുന്നുണ്ട്. തിരിച്ചറിയൽ കാർഡുകൾ നൽകുവാനും ജില്ലാതല ട്രാൻസ്ജെന്റർ ബോർഡുകൾ സ്ഥാപിക്കുവാനും വിദ്യാഭ്യാസം, ആരോഗ്യം, സർക്കാർ നിയമനങ്ങൾ എന്നീ മേഖലകളിൽ സംവരണം നൽകുവാനും ഈ നയം ശിപാർശ ചെയ്യുന്നുണ്ട്. ട്രാൻസ്ജെന്ററുകളെ പ്രത്യേകമായി പരിഗണിക്കണമെന്ന സുപ്രീംകോടതി വിധിക്കുശേഷമാണ് ട്രാൻസ്ജെന്റർ നയം രൂപീകരിച്ചത്. ട്രാൻസ്ജെന്റർ വെൽഫെയർ ബോർഡും ട്രാൻസ്ജെന്റർ സെല്ലും കേരളത്തിൽ രൂപീകരിക്കപ്പെട്ടത് ഇതിന്റെ അടിസ്ഥാനത്തിലാണ്. ട്രാൻസ്ജെന്ററുകൾ പൊതുവെ അവരുടെ സ്വത്വം വെളിപ്പെടുത്താൻ വിമുഖത കാട്ടുന്നതിനാൽ അവരുടെ എണ്ണം കൃത്യമായി കണക്കാക്കാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും സർക്കാർ നടത്തുന്ന ബോധവൽക്കരണ നടപടികൾമൂലം കൂടുതൽപേർ സ്വത്വം വെളിപ്പെടുത്താൻ മുന്നോട്ട് വരുന്നുണ്ടെന്നാണ് സമിതി മനസ്സിലാക്കുന്നത്.

9. ട്രാൻസ്ജെന്റർ പോളിസി രൂപീകരണത്തിന്റെ മുന്നോടിയായി സംസ്ഥാനത്തെ ട്രാൻസ്ജെന്ററുകളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് 2014-ൽ 'സംഗമ' എന്ന സന്നദ്ധ സംഘടന മുഖേന ഒരു സർവ്വേ നടത്തിയിരുന്നു. പ്രസ്തുത സർവ്വേയിൽ 3619 ട്രാൻസ്ജെന്റർ വ്യക്തികൾ ഉള്ളതായി കണ്ടെത്തിയെങ്കിലും യഥാർത്ഥത്തിൽ 25,000 ൽപ്പരം ആളുകൾ ഈ സമൂഹത്തിലുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. ട്രാൻസ്ജെന്റർ വ്യക്തികളുടെ ക്ഷേമത്തിനായും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ഏതൊരു വിഭാഗത്തിനും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകണമെങ്കിൽ അവരുടെ കൃത്യമായ അംഗസംഖ്യ അറിയേണ്ടതുണ്ട്. ട്രാൻസ്ജെന്റർ വിഭാഗക്കാരുടെ നിലവിലെ അംഗസംഖ്യ തിട്ടപ്പെടുത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന ഏജൻസി മുഖേന ഒരു സോഷ്യോ എക്കണോമിക്ക് സർവ്വേയും ഒരു ഇൻഡിവിജ്വൽ ഡെവലപ്മെന്റ് പ്ലാനും ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചു വരുന്നതായും പ്രസ്തുത സർവ്വേ 2021 മേയ് 31 നകം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കി ട്രാൻസ്ജെന്റർ വ്യക്തികളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. നൂറ്റാണ്ടുകളായി നമ്മുടെ സമൂഹത്തിലുള്ള ജനവിഭാഗങ്ങളിലൊന്നായ ട്രാൻസ്ജെന്ററുകളെ മാന്യമായൊരു സ്ഥാനം നൽകുവാനുതകുന്ന, അഭിസംബോധന ചെയ്യുവാൻ പര്യാപ്തമായ, ഒരു പദവും മലയാളത്തിലില്ല. നിലവിൽ വികലമായ പദപ്രയോഗങ്ങളിലൂടെ സമൂഹം അവരെ അവഹേളിക്കുകയാണ് ചെയ്യുന്നത്. ട്രാൻസ്ജെന്ററുകൾക്ക് ദൈവിക പരിവേഷമുള്ള തമിഴ്നാട്ടിൽ അവരെ സൂചിപ്പിക്കുവാൻ തിരുനമ്പി, തിരുനങ്കൈ എന്ന പദങ്ങളാണ് പ്രയോഗത്തിലുള്ളത്. എന്നാൽ ശ്രേഷ്ഠ ഭാഷാ പദവിയുള്ള മലയാളത്തിൽ ട്രാൻസ്ജെന്റർ എന്ന പദത്തിന് തത്തുല്യമായി ഒരു പദവും നിലവിലില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ട്രാൻസ്ജെന്റർ വ്യക്തികളെ ഭിന്നലിംഗം, മൂന്നാം ലിംഗം, ഭിന്നലൈംഗികം എന്നിങ്ങനെ അഭിസംബോധന ചെയ്യുന്നതും ഔദ്യോഗിക രേഖകളിൽ ഉപയോഗിക്കുന്നതും ഒഴിവാക്കിക്കൊണ്ടും തത്തുല്യമായ പദം ലഭിക്കുന്നതുവരെ ട്രാൻസ്ജെന്റർ എന്ന പദം മാത്രം രേഖകളിൽ ഉപയോഗിക്കുന്നതിനായി നിർദ്ദേശം നൽകിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ട്രാൻസ്ജെന്റർ എന്ന വാക്കിന് തത്തുല്യമായ മലയാള പദം കണ്ടെത്തണമെന്ന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനോട് സമിതി നിർദ്ദേശിക്കുന്നു.

11. ട്രാൻസ്ജെന്ററുകളെ സംബോധന ചെയ്യുന്നതിന് ഇംഗ്ലീഷിൽ Mx എന്ന വാക്കാണ് ഉപയോഗിക്കുന്നത്. പുരുഷൻ/സ്ത്രീ എന്നിവരെ സംബോധന ചെയ്യുവാൻ യഥാക്രമം ശ്രീ/ശ്രീമതി എന്ന് ഉപയോഗിക്കുന്നതുപോലെ, ട്രാൻസ്ജെന്ററുകളെ സംബോധന ചെയ്യുന്നതിനായി അനുയോജ്യമായ ഒരു മലയാള പദം കണ്ടെത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. വിദ്യാഭ്യാസം മൗലികാവകാശമായ നമ്മുടെ രാജ്യത്ത് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നിയമപരമായ അവകാശമാണ്. എന്നാൽ പൊതുസമൂഹത്തിന് അസ്വീകാര്യരാകുന്ന ട്രാൻസ്ജെന്ററുകൾക്ക് വിദ്യാഭ്യാസ രംഗത്ത് വളർച്ച നേടാൻ കഴിയാതെ പോകുന്നതിനുള്ള കാരണം ചെറുപ്പം മുതൽ ഇവർ അനുഭവിക്കുന്ന ചൂഷണങ്ങളും സാമൂഹ്യ, മാനസിക സമ്മർദ്ദങ്ങളുമാണ്. ഇവരിൽ പ്രാഥമിക വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ സാധിക്കാതെ പോയത് 58% പേർക്കാണ് എന്ന് സർവ്വേകൾ വ്യക്തമാക്കുന്നു. താൻ ഒരു ട്രാൻസ്ജെന്റർ ആണെന്ന് സ്വയം തിരിച്ചറിയുകയും എന്നാൽ വെളിപ്പെടുത്താൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന കുട്ടിക്കുണ്ടാകുന്ന മാനസിക സമ്മർദ്ദം വളരെ വലുതാണ്. ട്രാൻസ്ജെന്റർ എന്ന അവസ്ഥ സ്വാഭാവികമാണെന്ന് ബോധ്യപ്പെടുത്തുന്നതിനും അത്തരക്കാർക്ക് മാനസിക പിന്തുണ നൽകുന്നതിനുമായി മാതാപിതാക്കൾക്കും സ്കൂൾ/കോളേജ് വിദ്യാർത്ഥിതലങ്ങളിലും പൊതുസമൂഹത്തിനും സൈക്കോസോഷ്യൽ കൗൺസലിംഗ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സ്കൂൾ കൗൺസലർമാർക്ക് ട്രാൻസ്ജെന്ററുകളായ കുട്ടികളെ നേരത്തെതന്നെ തിരിച്ചറിയുന്നതിനുള്ള പരിശീലനം ലഭ്യമാക്കണമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് ഓരോ സ്കൂളിലുമുള്ള ട്രാൻസ്ജെന്റർ വിദ്യാർത്ഥികളുടെ കൃത്യമായ കണക്ക് സൂക്ഷിക്കണമെന്നും വിദ്യാലയങ്ങളെ ട്രാൻസ്ജെന്റർ സൗഹൃദമാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ധ്വയ എന്ന സംഘടനയും പോലീസും ഇതിനു വേണ്ട സഹായം ചെയ്യുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി, ഇക്കാര്യത്തിൽ ജാഗ്രതാ സമിതികളുടെയും ലീഗൽ സർവ്വീസ് സൊസൈറ്റിയുടെയും സേവനം പ്രയോജനപ്പെടുത്തണമെന്നും ശിപാർശ ചെയ്യുന്നു.

13. ട്രാൻസ്ജെന്റർ ആണെന്ന വെളിപ്പെടുത്തൽ നടത്തുന്ന കുട്ടിക്ക് കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ശാരീരിക, മാനസിക പീഡനങ്ങൾ ഏൽക്കേണ്ടിവരുന്നുണ്ട്. ട്രാൻസ്ജെന്റർ എന്നത് ഒരു അവസ്ഥയാണെന്നും അത് മനോരോഗമല്ലെന്നും തിരിച്ചറിയാതെ സൈക്യാട്രിസ്റ്റുകളുടെ നിർബന്ധിത ചികിത്സയ്ക്ക് വിധേയമാക്കുന്നത് അതിലൊന്നാണ്. അതിനാൽ, ട്രാൻസ്ജെന്റർ കുട്ടികൾ ഉൾപ്പെടുന്ന കുടുംബങ്ങളിൽ മാതാപിതാക്കൾക്ക് നിർബ്ബന്ധിത ബോധവൽക്കരണം ഉറപ്പുവരുത്തണമെന്നും ട്രാൻസ്ജെന്ററുകൾക്ക് അവരുടെ സ്വത്വം വെളിപ്പെടുത്തുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. വീട്ടിൽ നിന്നും സഹപാഠികളിൽ നിന്നുമുള്ള അവഹേളനവും മാനസിക സമ്മർദ്ദവും താങ്ങാനാകാതെ ട്രാൻസ്ജെന്ററുകളായ കുട്ടികൾ പലപ്പോഴും നാടുവിട്ട് പോകുകയും മറ്റ് സംസ്ഥാനങ്ങളിൽ ചെന്ന് തങ്ങളുടെ വിഭാഗക്കാരോടൊപ്പം ജീവിക്കുകയും തുടർന്ന് പല ചൂഷണങ്ങൾക്കും വിധേയരാകുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ കുട്ടികൾക്കും കുടുംബാംഗങ്ങൾക്കും ആവശ്യമായ കൗൺസലിംഗ് നൽകി കുട്ടികൾക്ക് സുരക്ഷിതരായി സ്വന്തം വീട്ടിൽ തന്നെ താമസിക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിനാണ് പ്രഥമ പരിഗണന നൽകേണ്ടത്. എന്നിരുന്നാലും കൗൺസലിംഗ് നൽകിയതിനുശേഷവും ചില കുട്ടികൾ മാതാപിതാക്കളോടൊപ്പം താമസിക്കാൻ തയ്യാറാവാത്തതായി കാണുന്നു. പ്രസ്തുത കുട്ടികൾക്കായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലെന്നും എന്നാൽ അവർക്ക് താമസസൗകര്യം ഒരുക്കുന്നതിലേയ്ക്കായി പ്രതിമാസം 4000 രൂപ വീതം 10 മാസത്തേയ്ക്ക് 40,000 രൂപ, അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചു വരുന്നുണ്ടെന്നും വകുപ്പ് തലത്തിൽ ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരം കുട്ടികൾക്കായി പ്രത്യേക ഹോസ്റ്റൽ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. പതിനെട്ടു വയസ്സിനു താഴെയുള്ള ട്രാൻസ്ജെന്ററുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപെടുന്ന ശിശുക്ഷേമ സമിതിയംഗങ്ങൾക്ക് പലപ്പോഴും ഇത് സംബന്ധിച്ച ധാരണ ഉണ്ടാകാറില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് ഇത്തരം കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിയാതെ പോകുന്നതിന് കാരണമാകുന്നു. ആയതിനാൽ ട്രാൻസ്ജെന്ററുകളായ കുട്ടികളുമായി ഇടപെടുന്നതിന് ശിശുക്ഷേമ സമിതിയിലും സംസ്ഥാന ബാലാവകാശ കമ്മീഷനിലും ട്രാൻസ്ജെന്റർ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ട്രാൻസ്ജെന്ററാണെന്ന സ്വത്വം വെളിപ്പെടുത്തുന്നതോടെ സഹപാഠികളിൽ നിന്നും അധ്യാപകരിൽ നിന്നുമുണ്ടാകുന്ന അവഹേളനവും ഒറ്റപ്പെടുത്തലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൊതുവായി ഉപയോഗിച്ചിരുന്ന ടോയ്ലറ്റുകൾ ഉപയോഗിക്കുന്നതിൽ നിന്നും അവരെ അകറ്റുന്നു. എറണാകുളം മഹാരാജാസ് കോളേജിൽ ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾക്കായി 2 ട്രാൻസ്ജെന്റർ ഫ്രണ്ട്ലി ടോയ്ലറ്റുകൾ ഏർപ്പെടുത്തിയിട്ടുള്ളതായി മനസ്സിലാക്കിയ സമിതി, ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ സ്കൂൾ/കോളേജുകളിലും അവർക്കായി പ്രത്യേക ടോയ്ലറ്റ് സംവിധാനം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

17. സെക്സും ജെൻഡറും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി പൊതുസമൂഹം ബോധവാന്മാരല്ല. സ്കൂൾതലം മുതൽ ഇതിനായുള്ള ബോധവത്കരണം

ആരംഭിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഹൈസ്കൂൾതലം മുതൽ പാഠ്യപദ്ധതിയിൽ SOGIESC (Sexual Orientation Gender Identities Expression and Sex Characteristics) പാഠഭാഗങ്ങൾ ഉൾപ്പെടുത്തണമെന്നും SOGIESC വിഷയത്തിൽ സംസ്ഥാനത്തെ മുഴുവൻ അധ്യാപകർക്കും സമഗ്ര പരിശീലനം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ബി.എഡ്/ടി.ടി.സി പാഠ്യപദ്ധതികളിലും മേൽവിഷയം ഉൾപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. എല്ലാ യൂണിവേഴ്സിറ്റികളിലും ട്രാൻസ്ജെന്റർ സ്റ്റുഡൻസ് പോളിസി നടപ്പാക്കണമെന്നും യൂണിവേഴ്സിറ്റികളിൽ ട്രാൻസ്ജെന്റർ ആന്റ് ഇന്റർസെക്സ് പഠനം, ഗവേഷണം എന്നിവ ആരംഭിക്കണമെന്നും നിലവിലെ സ്ത്രീ പഠന വകുപ്പുകൾ ജെന്റർ പഠന വകുപ്പുകളായി വിപുലപ്പെടുത്തണമെന്നും ട്രാൻസ്ജെന്റർ വിഭാഗത്തിൽ നിന്നും യോഗ്യതയുള്ള വ്യക്തികളെ അധ്യാപകരായി നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. ട്രാൻസ്ജെന്റർ വ്യക്തികൾക്ക് പഠനം പൂർത്തിയാക്കുവാനും തൊഴിൽ നേടി മാന്യമായി ജീവിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും സംസ്ഥാന സാക്ഷരതാ മിഷൻ, ധ്വയ ട്രാൻസ്ജെന്റർ ആർട്സ് & ചാരിറ്റബിൾ സൊസൈറ്റി, C-STED മുതലായ സർക്കാർ ഏജൻസികൾ/എൻ.ജി.ഒ.കൾ മുഖേന ശക്തമായ ഇടപെടൽ ഉണ്ടായിട്ടുണ്ടെന്നും, സംസ്ഥാനത്തെ CBO കൾ ഇത്തരക്കാർക്ക് ആത്മവിശ്വാസം നൽകുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. മുഖ്യധാരാ സമൂഹം പുറന്തള്ളുന്ന ട്രാൻസ്ജെന്ററുകൾ ഉപജീവനത്തിന് ബുദ്ധിമുട്ടുന്നതായി സമിതി മനസ്സിലാക്കുന്നു. ഇവർക്ക് തൊഴിൽ നൽകാൻ മറ്റ് തൊഴിലുടമകൾ വിമുഖത കാണിക്കുന്നതിനാൽ ട്രാൻസ്ജെന്ററുകൾക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടത് ആവശ്യമാണെന്ന് സമിതി കരുതുന്നു. ഇതിലേയ്ക്കായി ഇവർക്ക് പ്രത്യേക പരിശീലന ക്ലാസ്സുകൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. പാതിവഴിയിൽ പഠനം ഉപേക്ഷിക്കുകയും തുടർന്ന് തുല്യതാ പരീക്ഷ എഴുതി വിജയിക്കുകയും ചെയ്തിട്ടുള്ള ട്രാൻസ്ജെന്ററുകൾക്ക് പലപ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രായപരിധി കഴിയുകയോ അല്ലെങ്കിൽ സീനിയോറിറ്റിയിൽ അവർ വളരെ പുറകിലാകുകയോ ചെയ്യുന്ന സ്ഥിതിയാണുള്ളത്. തന്മൂലം അവർക്ക് പല തൊഴിൽ അവസരങ്ങളും നഷ്ടപ്പെടുന്നു. ഇത് മറികടക്കുന്നതിനായി, ഇവർക്കായി പ്രത്യേക ജോബ്പോർട്ടൽ തുടങ്ങണമെന്നും സർക്കാർ വകുപ്പുകളിൽ താൽക്കാലിക ജോലികൾക്ക് നാമനിർദ്ദേശം ചെയ്യുന്ന അവസരത്തിൽ മേൽപ്പറഞ്ഞ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്തവരെ കൂടി പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുന്നത് ഇവരുടെ ആത്മവിശ്വാസം വർദ്ധിക്കുന്നതിനും ഇവർക്ക് നേരെയുള്ള ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനും പര്യാപ്തമാകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ട്രാൻസ്ജെന്ററുകൾക്ക് തങ്ങളുടെ വിദ്യാഭ്യാസ യോഗ്യതക്കനുസൃതമായി പി.എസ്.സി. മുഖേന മികവിന്റെ അടിസ്ഥാനത്തിൽ ജോലി നേടുന്നതിനുള്ള അവസരം ഒരുക്കുന്നതോടൊപ്പം ഇവർക്കായി തൊഴിൽ മേളകൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. പി.എസ്.സി.യിൽ പഴയ പേരിൽ One Time Registration നടത്തിയിട്ടുള്ള ട്രാൻസ്ജെന്ററുകൾക്ക് പുതിയ പേരിൽ വീണ്ടും രജിസ്റ്റർ ചെയ്യുന്നതിനോ അല്ലെങ്കിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനോ നിലവിൽ വ്യവസ്ഥയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഇതു സംബന്ധിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി പ്രകാരം എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 5 ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് 2019-2020 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട പരിശീലന പരിപാടി ജില്ലാതലത്തിൽ നടപ്പാക്കി വരുന്നുണ്ടെന്നും പ്രസ്തുത പരിശീലനം നേടിയവർക്ക് തൊഴിൽ ലഭിച്ചതായുള്ള വിവരം ലഭ്യമല്ലെന്നും സമിതി മനസ്സിലാക്കുന്നു. ട്രാൻസ്ജെന്ററുകളെ 'ഷീ ടാക്സി' പോലെയുള്ള സംരംഭത്തിലുൾപ്പെടുത്തുകയോ അല്ലെങ്കിൽ അവർക്കായി മറ്റൊരു സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ട്രാൻസ്ജെന്ററുകൾക്കായി കുടുംബശ്രീ മുഖേന ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, ഡാറ്റാ എൻട്രി തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടെങ്കിലും ഇതിൽ പങ്കെടുക്കുന്നതിന് ട്രാൻസ്ജെന്ററുകൾ വിമുഖത കാണിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വിവിധ തൊഴിൽ മേഖലകളെക്കുറിച്ച് ട്രാൻസ്ജെന്ററുകളെ ബോധവൽക്കരിക്കുന്നതിൽ ഈ മേഖലയിലെ സംഘടനകൾക്ക് ഫലപ്രദമായി ഇടപെടാൻ കഴിയുമെന്ന് സമിതി കരുതുന്നു. വിവിധ തൊഴിൽ മേഖലകളെക്കുറിച്ച് കുടുംബശ്രീ മുഖേന ട്രാൻസ്ജെന്ററുകൾക്ക് ബോധവൽക്കരണം നടത്തണമെന്നും തൊഴിൽ പരിശീലനത്തിനുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. സർക്കാരിന്റെ സംരംഭകത്വ വികസന പദ്ധതി പ്രകാരം 90 ഓളം പേർക്ക് പരിശീലനം ലഭ്യമായിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ ട്രാൻസ്ജെന്ററുകൾ വിവിധ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ആയതിന് പൊതുസമൂഹത്തിന്റെ സഹകരണം ലഭ്യമാകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പല

സ്ഥലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ട്രാൻസ്ജെന്റുകളെ സംഘടിപ്പിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലകൾ കേന്ദ്രീകരിച്ച് പരിശീലനം നൽകുന്നതിനും അവരുടെ സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്നതിനും ഉൽപ്പന്നങ്ങൾ കുടുംബശ്രീ മാതൃകയിൽ വിറ്റഴിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കുടുംബശ്രീ മേളകളിൽ ഇവർക്കായി പ്രത്യേകം സ്റ്റാളുകൾ അനുവദിക്കുന്നതും പരിഗണിക്കേണ്ടതാണ്.

26. വനിതാ വികസന കോർപ്പറേഷൻ മുഖേന ട്രാൻസ്ജെന്റുകൾക്ക് സ്വയം തൊഴിലിനുള്ള വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആനുകൂല്യത്തിന് അർഹരായവരെ കണ്ടെത്തി എത്രയും പെട്ടെന്ന് വായ്പാവിതരണം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പദ്ധതി വിഹിതത്തിന്റെ 5% തുക കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റുകൾ എന്നിവരുടെ ക്ഷേമത്തിനായി വകയിരുത്തണമെന്ന് പദ്ധതി മാർഗ്ഗരേഖയിലുണ്ട്. ബന്ധപ്പെട്ട വാർഡ് കൗൺസലർമാർ മുഖേന ട്രാൻസ്ജെന്റുകളെ ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തണമെന്നും സാമൂഹ്യനീതി വകുപ്പ് ജില്ലാസാമൂഹ്യനീതി ഓഫീസർ മുഖേന അർഹരായവരെ തെരഞ്ഞെടുക്കണമെന്നും ജില്ലാപഞ്ചായത്തുകൾ ഇവർക്കായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും ഫണ്ടുകളുടെ വിനിയോഗത്തിന് മാർഗ്ഗനിർദ്ദേശം നൽകുമ്പോൾ അവ ട്രാൻസ്ജെന്റർ ഇൻക്ല്യൂസീവായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടപ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ 5% SC/ST വിഭാഗക്കാർക്കായി സംവരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ ട്രാൻസ്ജെന്റുകൾക്കും നിശ്ചിത ശതമാനം നീക്കിവയ്ക്കണമെന്നും ഇതു സംബന്ധിച്ച് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. ട്രാൻസ്ജെന്റുകൾ ആരംഭിക്കുന്ന ചെറുകിട കച്ചവട സ്ഥാപനങ്ങൾക്ക് നികുതിയിളവ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. ട്രാൻസ്ജെന്റുകൾക്ക് തൊഴിൽ നൽകുന്ന തൊഴിലുടമകൾക്ക് പ്രോത്സാഹനം നല്കുന്ന പദ്ധതികളൊന്നും നിലവിൽ ആരംഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ ഇവർക്ക് തൊഴിൽ നൽകാൻ പലരും തയ്യാറായേക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ട്രാൻസ്ജെന്റുകളെ

മുഖ്യധാരയിലേയ്ക്ക് നയിക്കുന്നതിന്റെ ഭാഗമായി ഇവർക്ക് തൊഴിൽ നൽകുന്ന തൊഴിലുടമകൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഒന്നിച്ചുതാമസിക്കുന്ന, എന്നാൽ സ്വന്തമായി വീടില്ലാത്ത, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ട്രാൻസ്ജെന്റർ കുടുംബങ്ങളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകണമെന്നും ഇതിനായി നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

32. ട്രാൻസ്ജെന്റർ വിഭാഗക്കാർക്ക് തിരിച്ചറിയൽ കാർഡ്, ഇൻഷ്വറൻസ്, പെൻഷൻ എന്നിവ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചിട്ടുള്ളതായി മനസ്സിലാക്കിയ സമിതി, അവർക്ക് ആരോഗ്യ ഇൻഷ്വറൻസ് കാർഡ് കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

33. സാമൂഹ്യനീതി വകുപ്പ് മന്ത്രി ചെയർപേഴ്സണായി സംസ്ഥാനതല ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡും, ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡും രൂപീകരിച്ചിട്ടുള്ളതായി മനസ്സിലാക്കുന്ന സമിതി, പഞ്ചായത്ത് തലത്തിൽ ട്രാൻസ്ജെന്റർ കമ്മിറ്റികൾ രൂപീകരിക്കണമെന്നും ജില്ലാതല ജസ്റ്റിസ് ബോർഡുകളിൽ ഒരു ജനപ്രതിനിധിയേയും ആ ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേയും കൂടി ഉൾപ്പെടുത്തണമെന്നും ശിപാർശ ചെയ്യുന്നു.

34. ട്രാൻസ്ജെന്റർ കലാകായിക മേളകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി 2017-ൽ സംസ്ഥാനത്ത് ആദ്യമായി ട്രാൻസ്ജെന്റർ കായികമേള നടത്തിയെന്നും ഇവരുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി 'വർണ്ണപ്പകിട്ട് 2019' എന്ന പേരിൽ രാജ്യത്തെ തന്നെ ആദ്യ സംരംഭമായ ട്രാൻസ്ജെന്റർ കലോത്സവം വിജയകരമായി സംഘടിപ്പിക്കുവാൻ സാധിച്ചതായും കലാ-കായിക മേളകൾ വരും വർഷങ്ങളിലും സംഘടിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ വിഭാഗത്തിനു മാത്രമായി നടത്തുന്ന കലാ-കായിക മേളകൾ അവരെ മറ്റുള്ളവരിൽ നിന്നും മാറ്റി നിർത്തുന്നതിനു തുല്യമാണ്. ആയതിനാൽ പ്രധാന കലാ-കായിക മേളകളെല്ലാം ട്രാൻസ്ജെന്റർ ഇൻക്ലൂസീവായി നടത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ട്രാൻസ്ജെന്റർ വ്യക്തികളുടെ പരാതികളിൽ എത്രയും വേഗം തീർപ്പുകല്പിക്കണമെന്നും അവരോട് മാന്യമായി പെരുമാറണമെന്നും നിർദ്ദേശിച്ച് DGP സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കു മാത്രമേ പ്രസ്തുത

സർക്കലറിനെക്കറിച്ച് ധാരണയുള്ളവെന്നും താഴെത്തട്ടിലുള്ള ഭൂരിപക്ഷം പോലീസുകാരും അപ്രകാരമല്ല ട്രാൻസ്ജെന്ററുകളോട് പെരുമാറുന്നതെന്നും സംഘടനാ പ്രതിനിധികൾ വെളിപ്പെടുത്തുകയുണ്ടായി. ട്രാൻസ്ജെന്ററുകൾക്ക് തുല്യനീതി ഉറപ്പാക്കേണ്ടതാണെന്ന് സമിതി കരുതുന്നു. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ട്രാൻസ്ജെന്റർ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലെയും ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് ട്രാൻസ്ജെന്റർ വിഷയങ്ങളിൽ ബോധവത്കരണവും പരിശീലനവും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വനിതാ ഹെൽപ്പ് ഡെസ്കിന് സമാനമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ട്രാൻസ്ജെന്റർ ഹെൽപ്പ് ഡെസ്ക് ആരംഭിക്കണമെന്നും ട്രാൻസ്ജെന്റർ വിഷയങ്ങളിൽ പരിശീലനം സിദ്ധിച്ച ഒരു സീനിയർ സിവിൽ പോലീസ് ഓഫീസർക്ക് ഇതിന്റെ ചുമതല നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ട്രാൻസ്ജെന്ററുകളുടെ ഇടയിലുള്ള ക്രിമിനലുകളെയും സാമൂഹ്യവിരുദ്ധരെയും നേർവഴിക്ക് നയിക്കുന്നതിനായി ജില്ലാതലത്തിൽ സി.ബി.ഒ.കളുടെ സഹകരണത്തോടെ സിവിൽ പോലീസ് ഓഫീസർമാരുടെ നെറ്റ്വർക്ക് ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ജനമൈത്രി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതികളിൽ ട്രാൻസ്ജെന്റർ വിഷയങ്ങളും SOGIESC വിഷയങ്ങളും ഉൾപ്പെടുത്തുന്നതുവഴി കുട്ടികളിൽ ഇതു സംബന്ധിച്ച അവബോധം സൃഷ്ടിക്കാൻ കഴിയുന്നതാണെന്നും സമിതി വിലയിരുത്തുന്നു.

36. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ട്രാൻസ്ജെന്ററുകൾക്കായി പ്രത്യേക ലോക്കപ്പുകളും ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുള്ളതായി സമിതിക്ക് വ്യക്തമാകുന്നു. എന്നാൽ കേരളത്തിലെ മിക്ക ജയിലുകളിലും പുരുഷന്മാരെയും സ്ത്രീകളെയും താമസിപ്പിക്കുവാനുള്ള സൗകര്യം മാത്രമേയുള്ളൂ. പാലക്കാട് ജില്ലാ ജയിലിൽ ഒരു ട്രാൻസ്ജെന്റർ വാർഡുണ്ടെന്നും തിരുവനന്തപുരത്തെയും എറണാകുളത്തെയും ജയിലുകളിൽ ട്രാൻസ്ജെന്റർ ബ്ലോക്കുകൾ നിർമ്മാണത്തിലാണെന്നും സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ എല്ലാ പ്രധാന ജയിലുകളിലും ട്രാൻസ്ജെന്ററുകൾക്കായി പ്രത്യേക ബ്ലോക്കുകൾ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. കുറ്റകൃത്യങ്ങളിൽ അകപ്പെട്ട് ജയിലിലെത്തുന്നവരിൽ ട്രാൻസ്ജെന്റർ വിഭാഗത്തിൽ ഉൾപ്പെടാത്ത, എന്നാൽ ചെറിയ ഹോർമോൺ വ്യത്യാസം ഉള്ളവരെ മറ്റ് ജയിൽപുള്ളികൾ ഉപദ്രവിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും എന്നാൽ അതിൽ ശാരീരിക പീഡനത്തിനല്ലാതെ ലൈംഗിക പീഡനത്തിന് കേസെടുക്കാൻ നിലവിലെ നിയമത്തിൽ വ്യവസ്ഥയില്ലെന്നും ആഭ്യന്തരവകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. Rape/Molestation-ന് വിധേയയാകുന്നത് സ്ത്രീ ആണെങ്കിൽ മാത്രമേ IPC പ്രകാരം കേസെടുക്കാൻ സാധിക്കുവെന്നതിനാൽ, ട്രാൻസ്ജെന്ററുകൾ

പീഡനത്തിനിരയാകുന്ന സംഭവങ്ങളിൽ ശരിയായ വകുപ്പ് ചുമത്തി കേസ് ചാർജ്ജ് ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ട്രാൻസ്ജെന്ററുകൾക്ക് തുല്യനീതി ഉറപ്പുവരുത്തുന്നതിനായി കേരള പോലീസ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. ലിംഗമാറ്റ ശസ്ത്രക്രിയ, ഹോർമോൺ തെറാപ്പി, ലേസർ ചികിത്സ എന്നിവ ചെയ്തവർക്കും ചെയ്യാത്തവർക്കും അവരുടെ ഐഡന്റിറ്റി സ്വയം പ്രഖ്യാപിക്കുന്നതിനുള്ള അവകാശമുണ്ടെന്ന് Transgender Persons (Protection of Rights) ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. SRS കഴിയാത്തതും ബാഹ്യരൂപം പുരുഷന്റേതുമായ ഒരു ട്രാൻസ്വുമണിനെ അറസ്റ്റ് ചെയ്യുമ്പോൾ ചിലപ്പോഴെങ്കിലും പോലീസ് മോശമായി പെരുമാറുന്നതായി സംഘടനാ പ്രതിനിധികൾ സമിതിയെ .അറിയിച്ചു. അറസ്റ്റുമായി ബന്ധപ്പെട്ട എല്ലാ മാർഗ്ഗരേഖകളിലും സ്ത്രീ/പുരുഷൻ എന്നിവരെ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. ട്രാൻസ്ജെന്ററുകളെക്കൂടി ഉൾപ്പെടുത്തി പ്രസ്തുത ഗൈഡ്‌ലൈൻ പരിഷ്കരിക്കേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വകുപ്പിന് പരിമിതികളുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലുള്ള ഗൈഡ്‌ലൈൻ ട്രാൻസ്ജെന്ററുകളെ അറസ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെടുത്തി പരിഷ്കരിക്കണമെന്നും ഇതു സംബന്ധിച്ച് CrPC-യിൽ ആവശ്യമായ നിയമഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെന്ററുകൾ സ്ത്രീയോ പുരുഷനോ ആയി രൂപമാറ്റം പ്രാപിക്കുന്നുണ്ടെങ്കിലും റെക്കോർഡുകളിൽ അതിന് നിലനില്പില്ല എന്നതാണ് ട്രാൻസ്ജെന്ററുകളുടെ പ്രധാന പ്രശ്നമെന്നും ശസ്ത്രക്രിയയ്ക്ക് ശേഷം കുടുംബത്തിൽ നിന്നും പുറത്താകുന്നവർക്കും തങ്ങളുടെ സ്വത്വം സ്വയം വെളിപ്പെടുത്തുന്നവർക്കും സർക്കാർ അസ്തിത്വം നൽകുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. സ്ത്രീക്കും പുരുഷനും മാത്രമായാണ് നിയമം നിർമ്മിച്ചിട്ടുള്ളത് എന്നതിനാൽ സർവ്വ മേഖലകളിലും ട്രാൻസ്ജെന്ററുകൾ വിവേചനം അനുഭവിക്കേണ്ടി വരുന്നു. കുടുംബസ്വത്ത് ഭാഗം വയ്ക്കുന്ന അവസരത്തിൽ സ്വത്തിലുള്ള അവകാശം ഉന്നയിക്കാൻ ഇവർക്ക് കഴിയാതെ വരുന്നു. ഭാഗപത്രത്തിൽ സ്ത്രീ/പുരുഷൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ സർജറിക്കുശേഷം ഡീഡിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി രൂപമാറ്റം സംഭവിച്ച ട്രാൻസ്ജെന്ററിന് സ്വത്തിലുള്ള അവകാശം നേടിയെടുക്കാൻ കഴിയുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. SRS ചെയ്യാത്തതും വിവാഹം കഴിക്കാനാഗ്രഹിക്കുന്നതുമായ ട്രാൻസ്ജെന്ററുകൾക്ക് വിവാഹം രജിസ്റ്റർ ചെയ്യുന്നതിനോ കുട്ടികളെ ദത്തെടുത്ത് കുടുംബമായി ജീവിക്കുന്നതിനോ നിലവിൽ വ്യവസ്ഥയില്ലെന്നും രാജ്യത്തെ നിയമങ്ങൾ സ്ത്രീക്കും പുരുഷനും മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതാണെന്നും ട്രാൻസ്ജെന്ററുകൾക്ക് നിയമത്തിന്റെ മുന്നിൽ തുല്യത

ലഭിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. അതുപോലെ, IPC യിൽ സ്ത്രീ/പുരുഷൻ എന്ന മാത്രമേയുള്ളൂവെന്നും അതിനാൽ ട്രാൻസ്ജെന്ററുകളെ ആക്രമിച്ചാൽ അത്തരത്തിൽ കേസെടുക്കാനാവില്ലെന്നും സമിതിക്ക് വ്യക്തമാകുന്നു. 2019-ലെ Transgender Persons (Protection of Rights) Act-ൽ ഇതിനെല്ലാം വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇവ നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ നിർമ്മിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ഭരണഘടന അനുശാസിക്കുന്ന തുല്യനീതി ട്രാൻസ്ജെന്ററുകൾക്കും അവകാശപ്പെട്ടതാണെന്നതിനാൽ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ നിയമങ്ങളിലും സ്ത്രീക്കും പുരുഷനുമൊപ്പം ട്രാൻസ്ജെന്ററുകളെ കൂടി ഉൾപ്പെടുത്തി തുല്യനീതി ഉറപ്പാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും സാമൂഹ്യനീതി വകുപ്പ് ഇതിന് മുൻകൈ എടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

40. പീഡനത്തിന് ഇരയാകുന്ന ട്രാൻസ്ജെന്ററുകൾക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയിൽനിന്നും നിയമസഹായം ലഭ്യമാക്കണമെന്നും ട്രാൻസ്ജെന്ററുകൾക്കെതിരായ ലൈംഗികാതിക്രമം ഉൾപ്പെടെയുള്ള അതിക്രമങ്ങൾ ശിക്ഷാർഹമാക്കുന്നതിന് നിയമ ഭേദഗതി കൊണ്ടുവരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

41. പ്രതിസന്ധികളിലകപ്പെടുന്ന ട്രാൻസ്ജെന്ററുകളുടെ സഹായാർത്ഥം 24 മണിക്കൂർ പ്രവർത്തിക്കുന്ന ട്രാൻസ്ജെന്റർ ഹെൽപ്പ്ലൈൻ ആന്റ് ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ ആരംഭിക്കണമെന്നും പ്രസ്തുത ഹെൽപ്പ്ലൈൻ നമ്പർ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരത്ത് ഒരു ട്രാൻസ്മെൻ ഹോം, ഒരു ട്രാൻസ് വുമൺ ഹോം എന്നിവയും കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ ട്രാൻസ്വുമൺ ഹോം വീതവും ആരംഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എല്ലാ ജില്ലകളിലും കെയർ ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പ്രസ്തുത കെയർ ഹോമുകളുടെ പ്രവർത്തനം ജില്ലാതല ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡുകൾ കൃത്യമായി മോണിറ്റർ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

43. 18 വയസ്സിന് മുകളിൽ പ്രായമുള്ള ട്രാൻസ്ജെന്ററുകളുടെ പുനരധിവാസത്തിനായി സംസ്ഥാനത്ത് നിലവിൽ ആരംഭിച്ചിട്ടുള്ള കെയർ ഹോമുകളിൽ 3 മാസം വരെ താമസിക്കാനാണ് സൗകര്യം ഒരുക്കിയിട്ടുള്ളതെന്നും തുടർന്ന് പ്രസ്തുത വ്യക്തിയുടെ സാഹചര്യവും അപേക്ഷയും പരിഗണിച്ച് ബന്ധപ്പെട്ട ജില്ലാ ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡിന്റെ ശിപാർശയോടുകൂടി താമസ കാലാവധി നീട്ടി വരുന്നുണ്ടെന്നും സാമൂഹ്യനീതി വകുപ്പുമായുള്ള ചർച്ചയിലൂടെ സമിതി മനസ്സിലാക്കുന്നു. എന്നാൽ 3 മാസത്തെ താമസത്തിന് ശേഷം കെയർ ഹോമുകളിൽ നിന്നും താമസം മാറേണ്ടി വന്ന

ചില ട്രാൻസ്ജെന്ററുകൾ രാത്രികാലങ്ങളിൽ തങ്ങൾ ട്രെയിനിൽ യാത്ര ചെയ്ത് കഴിച്ചുകൂട്ടേണ്ടി വരുന്നതായി വെളിപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ട്രാൻസ്‌വുമൺ ആയവരെ മഹിളാ മന്ദിരത്തിൽ പുനരധിവസിപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

44. അസുഖങ്ങൾക്ക് ചികിത്സ തേടി സർക്കാർ ആശുപത്രികളിലെത്തുന്ന ട്രാൻസ്ജെന്ററുകളെ ചികിത്സിക്കാൻ ഡോക്ടർമാർ തയ്യാറാവാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നതായി ട്രാൻസ്ജെന്റർ സംഘടനാപ്രതിനിധികൾ ബോധിപ്പിക്കുകയുണ്ടായി. ഇത് മെഡിക്കൽ എത്തിക്സിന് നിരക്കുന്നതല്ലെന്നും ട്രാൻസ്ജെന്റർ എന്ന അവസ്ഥയെക്കുറിച്ച് ഡോക്ടർമാർക്കുപോലും വേണ്ടത്ര അവബോധമില്ലെന്നും നീണ്ട 20 വർഷത്തിന് ശേഷം സമീപകാലത്ത് മെഡിക്കൽ സിലബസ് പരിഷ്കരിച്ചുവെങ്കിലും അതിൽ ട്രാൻസ്ജെന്റർ വിഷയം ഉൾപ്പെടുത്തിയിട്ടില്ലെന്നും ഇപ്പോഴും 'പാരാഫീലിയ' എന്ന മാനസിക രോഗമായാണ് മെഡിക്കൽ സിലബസിൽ ഇതിനെ പരിഗണിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ട്രാൻസ്ജെന്റർ എന്ന അവസ്ഥ സ്വാഭാവികമാണ് എന്ന അവബോധം ആരോഗ്യമേഖലയിലെ വിവിധ വിഭാഗം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിനായി SOGIESC വിഷയവും ട്രാൻസ്ജെന്ററുകൾക്ക് ആവശ്യമായ പ്രത്യേക ചികിത്സയും സംബന്ധിച്ച പാഠഭാഗങ്ങൾ മെഡിക്കൽ, പാരാമെഡിക്കൽ കോഴ്സുകളുടെ സിലബസിൽ അടിയന്തരമായി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. ചെന്നൈയിലെ സർക്കാർ ആശുപത്രിയിൽ ലിംഗമാറ്റ ശസ്ത്രക്രിയ സൗജന്യമായി നടത്തുന്നതായും എന്നാൽ സംസ്ഥാനത്ത് ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായുള്ള സൗകര്യം സർക്കാർ ആശുപത്രികളിൽ ഇല്ലെന്നും തിരുവനന്തപുരം ജില്ലയിലെ കോസ്മെറ്റിക് ക്ലിനിക്, എറണാകുളം ജില്ലയിലെ റിനൈ മെഡിസിറ്റി, അമൃതാ ഹോസ്പിറ്റൽ, സൺറൈസ് ഹോസ്പിറ്റൽ എന്നീ സ്വകാര്യ ആശുപത്രികളിൽ ആയത് ലഭ്യമാണെന്നും ചർച്ചകളിലൂടെ സമിതിക്ക് ബോധ്യപ്പെട്ടു. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി പരമാവധി 5 ലക്ഷം രൂപ വരെ സാമൂഹ്യനീതി വകുപ്പ് നൽകി വരുന്നുണ്ടെന്നും പ്രസ്തുത ശസ്ത്രക്രിയയ്ക്കായി ഇതുവരെ 57 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും സമിതിയെ വകുപ്പുദ്യോഗസ്ഥർ അറിയിച്ചു.

46. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒരു തവണ മാത്രമാണ് ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുള്ളതെന്നും ആയത് പൂർണ വിജയമാകാഞ്ഞതിനാൽ തുടർന്ന് ഇത്തരം ശസ്ത്രക്രിയകൾ ചെയ്യാറില്ലെന്നും അതിനാൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി സ്വകാര്യ മേഖലയിലുള്ള ആശുപത്രികളെയും അന്യ സംസ്ഥാനങ്ങളിലെയും തായ്‌ലൻഡ് പോലെയുള്ള വിദേശരാജ്യങ്ങളിലെ ആശുപത്രികളെയുമാണ് ട്രാൻസ്ജെന്ററുകൾ

കൂടുതലായി ആശ്രയിക്കുന്നതെന്നും സ്വകാര്യ ആശുപത്രികളിൽ പലപ്പോഴും ഇവർ തട്ടിപ്പിന് ഇരയാകുന്നതായും ഈ മേഖലയിൽ വലിയ ചൂഷണം നടക്കുന്നതായും ട്രാൻസ്ജെന്റർ സംഘടനാ പ്രതിനിധികളിൽ നിന്നും സമിതിക്ക് ബോധ്യമായി. ലിംഗമാറ്റ ശസ്ത്രക്രിയ നടത്താൻ ഉള്ള സൗകര്യങ്ങൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. എന്നാൽ ഇതിനായി പരിശീലനം നേടിയ ഡോക്ടർമാർ സംസ്ഥാനത്ത് നിലവിൽ ഇല്ല എന്നും ഇന്ത്യയിൽ തന്നെ Dr. Narendra Kaushile-ന്റെ നേതൃത്വത്തിൽ ഡൽഹിയിലെ Olmec Hospital ലും Gurgaon-ൽ Dr. Rakesh Khazanchi യുടെ നേതൃത്വത്തിലുള്ള Medanta Hospital ലുമാണ് SRS സെന്ററുകൾ ഉള്ളതെന്നും സമിതി മനസ്സിലാക്കുന്നു.

47. എസ്.ആർ.എസ്. എന്നത് വളരെ സങ്കീർണ്ണമായ ഒരു കൂട്ടം ശസ്ത്രക്രിയകളാണെന്നും ഇത്തരം ശസ്ത്രക്രിയകൾ നടത്തുന്നതിന് സർക്കാർ ഡോക്ടർമാർക്ക് നിലവിൽ പ്രത്യേക പരിശീലന പരിപാടികൾ നൽകിവരുന്നില്ലെന്നും ട്രെയിനിംഗ് ഇല്ലാതെ സങ്കീർണ്ണമായ ഇത്തരം ശസ്ത്രക്രിയകൾ ചെയ്യാൽ വളരെയധികം പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും സമിതി വിലയിരുത്തുന്നു. പ്ലാസ്റ്റിക് സർജറി വിഭാഗവും എല്ലാ സർജിക്കൽ സൗകര്യങ്ങളുമുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാർക്ക് മതിയായ ട്രെയിനിംഗ് നൽകിയാൽ SRS ചെയ്യാൻ സാധിക്കുന്നതാണെന്നും ചർച്ചയിലൂടെ സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനായി ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകണമെന്നും ആയത് ഒരു പ്രത്യേക ശസ്ത്രക്രിയാ വിഭാഗമായി ഉയർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം എസ്.ആർ.എസിന് സർക്കാർ അനുവദിക്കുന്ന തുക റീ-ഇമ്പേഴ്സ്മെന്റായി മാത്രമാണ് ട്രാൻസ്ജെന്ററുകൾക്ക് ലഭിക്കുന്നതെന്നും ആയതിനാൽ ശസ്ത്രക്രിയാ വേളയിൽ ഭാരിച്ച തുക നൽകുവാൻ പൊതുവേ തൊഴിൽരഹിതരായ അവർ പ്രാപ്തരല്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സർക്കാർ മേഖലയിൽ എസ്.ആർ.എസ്. സൗജന്യമായി നടത്തണമെന്ന്, സമിതി ശിപാർശ ചെയ്യുന്നു.

48. ട്രാൻസ്ജെന്ററുകൾക്ക് ആവശ്യമായ ഹോർമോൺ, ലേസർ തെറാപ്പികൾ പല സ്വകാര്യ ആശുപത്രികളിലും ലഭ്യമാണെന്ന് നിരീക്ഷിച്ച സമിതി, എല്ലാ ജില്ലകളിലെയും സർക്കാർ മെഡിക്കൽ കോളേജുകളിലോ ജില്ലാ ആശുപത്രികളിലോ ട്രാൻസ്ജെന്ററുകൾക്കാവശ്യമായ ഹോർമോൺ തെറാപ്പി, ലേസർ ചികിത്സ എന്നിവ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

49. SRS കഴിഞ്ഞവർക്ക് ഹോർമോൺ വ്യതിയാനം മൂലം നിരവധി ശാരീരിക പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ദീർഘനാളത്തെ ഹോർമോൺ തെറാപ്പിയും ലേസർ തെറാപ്പിയും ശരീരത്തിന് ദൂഷ്യഫലങ്ങളുണ്ടാക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഒരു

പഠനവും നാളിതുവരെ നടന്നിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ ഒരു മെഡിക്കൽ കോളേജ് മികവിന്റെ കേന്ദ്രം ആയി പ്രഖ്യാപിച്ചുകൊണ്ട് SRS യൂണിറ്റും പഠനഗവേഷണ വിഭാഗവും ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. പുതുതായി നിർമ്മിക്കുന്ന ആശുപത്രികളിൽ ജെന്റർ ന്യൂട്രൽ ക്ലിനിക്, ടോയ്‌ലറ്റ് ബ്ലോക്കുകൾ എന്നിവ തയ്യാറാക്കി വരുന്നുണ്ടെന്നും ജെന്റർ ന്യൂട്രൽ ഹോസ്പിറ്റൽ സർവ്വീസസ് നൽകുന്നതിന് വകുപ്പ് തലത്തിൽ ആശുപത്രികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആശുപത്രികളിൽ ട്രാൻസ്ജെന്ററുകൾ നേരിടുന്ന വിവേചനം ഒഴിവാക്കുന്നതിനായി ആശുപത്രികളിലെ എല്ലാ വിഭാഗം ജീവനക്കാരും ജന്റർ ഇൻക്ലൂസീവായി എങ്ങനെ പ്രവർത്തിക്കണമെന്നത് സംബന്ധിച്ച് മാന്വൽ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51. കൂടാതെ, കോട്ടയം മെഡിക്കൽ കോളേജ്, തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട് ബീച്ച് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ട്രാൻസ്ജെന്ററുകൾക്ക് പ്രത്യേക ഒ. പി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി, എല്ലാ ജില്ലാ ആശുപത്രികളിലും ട്രാൻസ്ജെന്റർ വിഭാഗക്കാർക്ക് പ്രത്യേക ഒ.പി. സംവിധാനം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

52. കോട്ടയം മെഡിക്കൽ കോളേജിൽ മാത്രമാണ് നിലവിൽ ട്രാൻസ്ജെന്ററുകൾക്ക് വേണ്ടി പ്രത്യേകം ക്ലിനിക് ആരംഭിച്ചിട്ടുള്ളതെന്നും സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ട്രാൻസ്ജെന്റർ ക്ലിനിക്കുകൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

53. ലിംഗമാറ്റ ശസ്ത്രക്രിയയെത്തുടർന്ന് കൈവരുന്ന പുതിയ രൂപത്തിന് സർക്കാർ രേഖകളിൽ അസ്തിത്വമില്ല എന്നതാണ് ട്രാൻസ്ജെന്ററുകൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം. കേന്ദ്ര ട്രാൻസ്ജെന്റർ ആക്ട് പ്രകാരം ജില്ലാ മജിസ്ട്രേറ്റ്, ഡോക്ടർമാർ തുടങ്ങിയവരാണ് ജന്റർ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടത്. നിയമപരമായി ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങൾക്കും ഇത്തരം പരിശോധനയും സർട്ടിഫിക്കറ്റും നിർബന്ധമാണെന്ന് ട്രാൻസ്ജെന്റർ ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഇല്ലാത്തതിനാൽ, സ്വകാര്യ ആശുപത്രികളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്ന ട്രാൻസ്ജെന്ററുകൾക്ക് പ്രസ്തുത ആശുപത്രികളിൽ നിന്നും സർട്ടിഫിക്കറ്റ് നൽകാറുണ്ടെങ്കിലും അവയ്ക്ക് നിയമസാധുതയില്ലെന്ന് കാണുന്നു. ആയതിനാൽ ഇത്തരത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയവർക്ക് ആവശ്യമായ പരിശോധനകൾ നടത്തി സർക്കാർ സർട്ടിഫിക്കറ്റ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത സർട്ടിഫിക്കറ്റ് പേര് മാറ്റൽ, റേഷൻ കാർഡ് തുടങ്ങിയ ആവശ്യങ്ങൾക്ക് തിരിച്ചറിയൽ രേഖയായി പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

54. ഇന്റർസെക്സായി ജനിക്കുന്ന കുട്ടിയെ ചിലപ്പോഴെങ്കിലും ' മാതാപിതാക്കളുടെ താല്പര്യാർത്ഥം ഏതെങ്കിലുമൊരു ലിംഗാവസ്ഥയിലേയ്ക്ക് മാറ്റാറുണ്ടെന്നുള്ള ആരോപണം സമിതിയുടെ ശ്രദ്ധയിൽപെട്ടു. അത് തെറ്റായ പ്രവണതയാണെന്നും ആ കുട്ടി പ്രായപൂർത്തിയാകുന്ന സമയത്ത് ചിലപ്പോൾ നീക്കം ചെയ്ത സെക്സ് ഓർഗന്റെ ജെന്റർ ആയിരിക്കും പ്രകടിപ്പിക്കുന്നതെന്നും അതിനാൽ കറക്ടീവ് സർജറി ചെയ്യുന്നത് കുട്ടികൾ പ്രായപൂർത്തിയായതിന് ശേഷം അവരുടെ താല്പര്യപ്രകാരം മാത്രമായിരിക്കണമെന്നും ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ ഇന്റർസെക്സ് ആയി ജനിക്കുന്ന കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിൽ ഇന്റർസെക്സ് എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

55. ട്രാൻസ്ജെന്ററുകൾക്ക് നിലവിൽ ആധാർ, വോട്ടർ ഐ.ഡി. എന്നിവയിൽ തങ്ങൾ സ്വയം സാക്ഷ്യപ്പെടുത്തുന്ന ജെന്റർ രേഖപ്പെടുത്താൻ സാധിക്കുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ഗസറ്റ് വിജ്ഞാപനത്തിലൂടെ പേര്, ജെന്റർ എന്നിവ മാറ്റുന്നതിനും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ മാറ്റം വരുത്തുന്നതിനും സാധിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ ലിംഗമാറ്റ ശസ്ത്രക്രിയയെത്തുടർന്ന് പുതിയ ഐഡന്റിറ്റി നേടുന്ന ട്രാൻസ്ജെന്ററുകൾ S.S.L.C ബുക്കിലെ പഴയ പേര് മാറ്റുന്നതിനായി അപേക്ഷ നൽകുമ്പോൾ പേര് മാറ്റിയതായുള്ള ഗസറ്റ് വിജ്ഞാപനവും പഴയ S.S.L.C ബുക്കും ഒരുമിച്ച് വയ്ക്കുന്ന രീതിയാണ് നിലവിലുള്ളത്. പ്രസ്തുത നടപടി SRS ന്റെ പ്രസക്തി തന്നെ ഇല്ലാതാക്കുന്ന ഒന്നാണ്. പുതിയ ഐഡന്റിറ്റി കൈവരിക്കുന്ന ട്രാൻസ്ജെന്ററുകൾക്ക് പഴയ പേര് ആവശ്യമില്ല എന്നതിനാൽ ഇവർക്ക് പുതിയ പേരിൽ പുതിയൊരു S.S.L.C ബുക്ക്/സർട്ടിഫിക്കറ്റ് നൽകുന്നതിനും പഴയത് ഡി.പി.ഐ.യുടെ സീക്രട്ട് സെക്ഷനിൽ സൂക്ഷിക്കുന്നതിനും എന്തെങ്കിലും നിയമനടപടി ആവശ്യമായി വരുന്ന പക്ഷം മാത്രം ആയത് പരിശോധിക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിലുള്ള എല്ലാ കെട്ടിട നിർമ്മാണ പദ്ധതികളിലും ട്രാൻസ്ജെന്റർ സൗഹൃദ ടോയ്‌ലറ്റ് സംവിധാനം കൂടി രൂപകല്പന ചെയ്ത് ഉൾപ്പെടുത്തണമെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ, സിവിൽ സ്റ്റേഷൻ, ജില്ലാ ആശുപത്രികൾ, കോടതി സമുച്ചയം എന്നിവിടങ്ങളിൽ ട്രാൻസ്ജെന്റർ സൗഹൃദമായ ടോയ്‌ലറ്റ് സംവിധാനം, വിശ്രമമുറി എന്നിവ നിർമ്മിക്കുന്നതിന് നടപടി ആരംഭിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

57. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് 'കില' മുഖേന ട്രാൻസ്ജെന്റർ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തണമെന്നും ഗ്രാമസഭകളിൽ ട്രാൻസ്ജെന്ററുകളെ കൂടി പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഗ്രാമസഭാ രജിസ്റ്ററിൽ സ്ത്രീ/പുരുഷൻ എന്നതിനോടൊപ്പം ട്രാൻസ്ജെന്റർ എന്ന കോളം കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും വേണ്ടി പ്രത്യേകം ഗ്രാമസഭകൾ നടത്താറുള്ളതുപോലെ ട്രാൻസ്ജെന്ററുകൾക്കായി ജില്ലാതലത്തിൽ പ്രത്യേക യോഗം ചേരുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. 2014 ഏപ്രിൽ 15-ന് ബഹു. സുപ്രീംകോടതി പ്രസ്താവിച്ച വിധിയിൽ ട്രാൻസ്ജെന്ററിന്റെ മനുഷ്യാവകാശങ്ങൾ നടപ്പിലാക്കേണ്ടതിന്റെയും സംരക്ഷിക്കേണ്ടതിന്റെയും ആവശ്യകത ചൂണ്ടിക്കാണിക്കുന്നു. കേരളത്തിൽ ആവിഷ്കരിച്ച ട്രാൻസ്ജെന്റർ ആന്റ് ഇന്റർസെക്സ് പോളിസിയുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്ത് ക്ഷേമ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെങ്കിലും പ്രായോഗിക തലത്തിൽ ഇവർക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതികൾ എത്ര കണ്ട് പ്രയോജനം ലഭിക്കത്തക്കതാണെന്ന് ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. ട്രാൻസ്ജെന്ററുകളുടെ അടിസ്ഥാന ആവശ്യങ്ങൾ ഇന്നും പരിഹരിക്കാതെ നിലനിൽക്കുകയും അക്രമങ്ങൾ, കൊലപാതകങ്ങൾ, അവസര നിഷേധങ്ങൾ തുടങ്ങി അനവധി പ്രശ്നങ്ങൾ തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരള ട്രാൻസ്ജെന്റർ ആന്റ് ഇന്റർസെക്സ് അവകാശ സംരക്ഷണ നിയമം നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

59. ഓരോ പ്രദേശത്തുമുള്ള ട്രാൻസ്ജെന്ററുകളെ കണ്ടെത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി എസ്.സി./എസ്.ടി. പ്രൊമോട്ടർമാരുടെ മാതൃകയിൽ ജില്ലാതലത്തിൽ ട്രാൻസ്ജെന്റർ പ്രൊമോട്ടർമാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. അന്തസ്സിനും മാന്യതയ്ക്കും കോട്ടം തട്ടുംവിധം സ്ത്രീകളെയും കുട്ടികളെയും ചിത്രീകരിക്കുന്നത് തടയുവാൻ നിലവിൽ നിയമമുണ്ട്. എന്നാൽ സിനിമകളിലും ടി.വി. പരിപാടികളിലും ട്രാൻസ്ജെന്ററുകളെ അപഹസിക്കുന്ന തരത്തിൽ വികൃതമായി ചിത്രീകരിക്കുന്നത് തടയാൻ നിയമമില്ല. ഇവരുടെ സ്വത്വത്തെ അവഹേളിക്കുന്ന തരത്തിലുള്ള സിനിമകൾ, ടി. വി. പരിപാടികൾ എന്നിവ അനുവദിക്കരുതെന്നും ഇതിനായി നിയമനിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

61. കേരള സർക്കാർ ട്രാൻസ്ജെന്റർ നയം പ്രഖ്യാപിച്ചത് 2015 നവംബർ 12 നാണ്. ട്രാൻസ്ജെന്ററുകളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 12 ട്രാൻസ്ജെന്റർ ദിനമായി ആചരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ രണ്ട് ട്രാൻസ്ജെന്ററുകൾക്ക് മത്സരിക്കാൻ അവസരം ലഭിച്ചെങ്കിലും വോട്ടർ പട്ടികയിൽ പേരില്ലാത്തതിനാൽ ഒരാൾക്ക് മാത്രമേ മത്സരിക്കാൻ കഴിഞ്ഞുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. സമസ്ത മേഖലകളിലും ട്രാൻസ്ജെന്ററുകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നത് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുന്നതിന് അഭികാമ്യമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ ട്രാൻസ്ജെന്ററുകൾക്ക് സീറ്റ് അനുവദിക്കുന്ന വിഷയം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. സ്വയംതൊഴിൽ ധനസഹായം, സംരംഭകത്വ വികസന പരിശീലനം, തയ്യൽ മെഷീൻ വിതരണം, ഡ്രൈവിംഗ് പരിശീലനം എന്നിവയിലൂടെ തൊഴിൽ ചെയ്ത് ജീവിക്കുന്നതിനും പഠനം മുടങ്ങിപ്പോയിട്ടുള്ള ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി തുടർ പഠനം സാധ്യമാക്കുക വഴി സമൂഹത്തിൽ മാന്യമായ തൊഴിൽ നേടുന്നതിനും ട്രാൻസ്ജെന്ററുകളെ പ്രാപ്തരാക്കാൻ കഴിഞ്ഞതായും പൊതുസമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന ട്രാൻസ്ജെന്ററുകളെ പ്രസ്തുത മേഖലയിൽ നിന്നും പിന്തിരിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ഇവർക്കായി സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ച് സാമൂഹ്യനീതി വകുപ്പ് മതിയായ പ്രചരണം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. ട്രാൻസ്ജെന്ററുകളോടുള്ള മനുഷ്യത്വരഹിതമായ സമീപനം നമ്മുടെ സംസ്കാരത്തിന് യോജിച്ചതല്ല. സ്വതന്ത്രമായും നിർഭയമായും ട്രാൻസ്ജെന്ററുകൾക്ക് ജീവിക്കുവാൻ കഴിയുന്ന സാമൂഹിക സാഹചര്യങ്ങളും അവർ ചൂഷണം ചെയ്യപ്പെടാതിരിക്കുന്നതിനുള്ള നിയമങ്ങളും ഉണ്ടായാൽ മാത്രമേ ഈ വിഭാഗത്തിന് സാമൂഹ്യ സുരക്ഷിതത്വം ഉണ്ടാവുകയുള്ളൂ. ഇതിന് നമ്മുടെ സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബങ്ങളിൽ മാറ്റങ്ങളുണ്ടാകണം. കേരളത്തിൽ ട്രാൻസ്ജെന്ററുകൾക്ക് അത്തരമൊരു സാമൂഹികാംഗീകാരം നേടിക്കൊടുക്കാൻ കഴിയുന്ന ഒരു വലിയ ചുവടുവയ്പ്പാകും ഈ റിപ്പോർട്ട് എന്ന് സമിതി പ്രത്യാശിക്കുന്നു.

പി. അയിഷാ പോറ്റി,
*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 20.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.